വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഹൈസ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകന്മാരില്ലാതിരുന്ന കുറവ് ഫൻ൫൦ സെപ്തമ്പർ മുതൽക്കാണ് സ്റ്റാഫ് അഡ്ജസ്റ്റ്മെൻറ് (Staff Adjustment) നടത്തിയതോടുകൂടി മിക്കവാറും പരിഹരിക്കപ്പെട്ടിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായധനം

*൭൦൫. (൫൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മിഡിൽസ്കൂളിൽ ൨൫൦ ഹൈസ്കൂളിൽ ൪൦൦ രൂപാവീതം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട സഹായധനം ൨൦൫൧—ൽ—൫൨ വരെ എത്ര വിദ്യാർത്ഥികൾക്ക് നൽകിയെന്നുള്ള വിവരം പറയുമോ;

(ബി) ഒരു കൊല്ലം തോറ്റുപോയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സഹായധനം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ തുടർന്നുകൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിദ്യാർത്ഥികളുടെ എണ്ണം പറയുവാൻ നിവൃത്തിയില്ല. ഇന്നുവരെയുള്ളതിൽ വിദ്യാർത്ഥികൾക്കും സഹായധനം നൽകിക്കഴിഞ്ഞു.

(ബി) "പട്ടികജാതി", "മലവർഗ്ഗക്കാർ" ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഹൈസ്കൂൾ ക്ലാസ്സുവരെ ഒരു ക്ലാസ്സിൽ രണ്ടുവർഷം തുടരെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. "മറ്റു പിന്നോക്ക സമുദായങ്ങൾക്കു"" ഒരു ക്ലാസ്സിൽ ഒരുവർഷം മാത്രമെ സൗജന്യം കിട്ടുകയുള്ളൂ.

## ഗ്രന്ഥശാലകളും ഗ്രാൻറും

*൭൦൬. (൫൪) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

തിരു-കൊച്ചി സംസ്ഥാനത്തു് ഗവൺമെണ്ടു് ഗ്രാൻറു നൽകുന്ന എത്ര ഗ്രന്ഥശാലകൾ ഉണ്ടെന്നും എത്ര രൂപാ അവകൾക്ക് ഫ൫൨-ൽ ഗ്രാൻറ് നൽകിയിട്ടുണ്ടെന്നും അതിൽ തിരുവിതാംകൂർ വിഭാഗത്തിന് എത്ര തുക എത്ര ഗ്രന്ഥശാലകൾക്ക് കൊടുത്തിട്ടുണ്ടെന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

൭൫൧ ഗ്രന്ഥശാലകൾ.

൩൫,൪൪൨ രൂപ ഫ൫൨ അണ. ഫ൫൨-൫൩-ലേക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

തിരുവിതാംകൂർ വിഭാഗത്തിന് ൪൩൩ ഗ്രന്ഥശാലകൾക്കായി ൧൭,൭൪൪ രൂപ ഫ൫൨ അണ അനുവദിച്ചിട്ടുണ്ട്.

## കള്ളുവണ്ടി തൊഴിലാളികളുടെ ബോണസ്സ്

*൭൦൭. (൫൮) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

ഫൻ൫൭ മുതലുള്ള ഏതെല്ലാം കൊല്ലങ്ങളിലെ ബോണസ്സ് കൊടുക്കുന്നതിന് ഗവൺമെണ്ട് കള്ളുവണ്ടി മുതലാളിമാർക്ക് ഉത്തരവു കൊടുത്തിട്ടുണ്ടെന്നും അവ എത്ര ശതമാനമാണെന്നും പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly